# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

# ഗവ: യു.പി.സ്കൂൾ

# തുമ്പമൺ

## പന്തളം ഉപ ജില്ല



# ആമുഖം

തുമ്പമൺ ഗ്രാമപഞ്ചായത്തിലെ തുമ്പമൺ എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ചരിത്രപരവും ഐതിഹ്യപരവുമായി പെരുമയേറുന്ന നാടാണിത്. പന്തളം രാജാവ് ദാനമായി നൽകിയ സ്ഥലത്താണ് തുമ്പമൺ വലിയപള്ളി സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ പുരോഗതിയ്ക്ക് നെടുംതൂണായി വർത്തിച്ചിരുന്നതും പള്ളിയായിരുന്നു. പള്ളിവക സ്ഥലത്ത് നാട്ടിലെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി പള്ളിക്കാർ മുൻകൈ എടുത്ത് മനുഷ്യാധ്വാനം സംഭാവന ചെയ്ത് ഓലകെട്ടി ഉണ്ടാക്കിയ ഷെഡിലാണ് സ്കൂൾ ആരംഭിച്ചത്. 1880 ലാണ് ഇങ്ങനെ സ്കൂൾ നിർമ്മിച്ചത്. പള്ളി കൈസ്ഥാനിയായിരുന്ന (ട്രസ്റ്റി) ശ്രീ. വടക്കടത്ത് തോമസ് ഇതിന്റെ നിർമ്മാണത്തിന് മുൻകയ്യെടുത്തതായി പറയുന്നു. അതിനുശേഷം 1894 ൽ നിലവിലുള്ള പള്ളിക്കൂടത്തിന്റെ വടക്കു വശത്ത് ഒരു ഗവൺമെന്റ് ലോവർ ഗ്രേഡ് എലമന്ററി ഗേൾസ് സ്കൂൾ തുടങ്ങി. പിന്നീട് 1923-ൽ ഈ രണ്ട് സ്കൂളുകൾ സംയോജിപ്പിച്ച് മിക്സഡ് മലയാളം യു.പി.സ്കൂളായി മാറി. ഒരു കാലത്ത് സ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായം നിലനിന്നിരുന്നതായി രേഖകളിൽ കാണുന്നു.

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
- നിലവിലെ അവസ്ഥാവിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

  - ഒറ്റ നോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ

  (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം ,

  ചുമതല, സാമ്പത്തിക വിശകലനം)
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിട്ടറിംഗ്
- ഉപസംഹാരം

# എസ്.എം.സി. അംഗങ്ങൾ

| | | |
|---|---|---|
| ശ്രീമതി മോനി ബാബു | - | വാർഡ് മെമ്പർ |
| ശ്രീ.എം.എം .രാജേഷ് | - | ചെയർമാൻ |
| ശ്രീ. കെ.ആർ. സുകുമാരൻ നായർ | - | വിദ്യാഭ്യാസ വിദഗ്ധൻ (രക്ഷകർത്താവ്) |
| ശ്രീമതി രാധാമണി കെ.കെ | - | പ്രഥമ അദ്ധ്യാപിക |
| ശ്രീ. സജി തോമസ് | - | അധ്യാപകൻ |
| ശ്രീ.~~സജി തോമസ്~~ ബിജു.ജി. | - | വൈസ് ചെയർമാൻ |
| രഞ്ജൻ രതീഷ് | - | സ്കൂൾ ലീഡർ |
| ശ്രീമതി സോനു | - | എം.പി.ടി.എ പ്രസിഡന്റ് |

NO. OF STUDENTS

| | 2013 - 14 | | | 2014 - 15 | | | 2015 - 16 | | | 2016 -17 | | | 2017- 18 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T | B | G | T |
| I | 6 | 3 | 9 | 6 | 6 | 12 | 5 | 3 | 8 | 2 | 4 | 6 | 11 | 5 | 16 |
| II | 5 | 5 | 10 | 6 | 2 | 8 | 8 | 6 | 14 | 5 | 3 | 8 | 2 | 4 | 6 |
| III | 6 | 1 | 7 | 5 | 4 | 9 | 6 | 3 | 9 | 8 | 4 | 12 | 5 | 5 | 10 |
| IV | 2 | 6 | 8 | 9 | 2 | 11 | 5 | 5 | 10 | 7 | 2 | 9 | 9 | 4 | 13 |
| V | 10 | 6 | 16 | 3 | 7 | 10 | 9 | 3 | 12 | 4 | 4 | 8 | 10 | 5 | 15 |
| VI | 3 | 7 | 10 | 9 | 7 | 16 | 3 | 8 | 11 | 8 | 3 | 11 | 4 | 3 | 7 |
| VII | 7 | 8 | 15 | 3 | 7 | 10 | 9 | 5 | 14 | 3 | 8 | 11 | 9 | 3 | 12 |
| TOTAL | **39** | **36** | **75** | **41** | **35** | **76** | **45** | **33** | **78** | **37** | **28** | **65** | **50** | **29** | **79** |

2018-19 80

2019-20

2020 - 21

2021- 22

2022. 23 72

2023-24 74

2024-25 68

2025-26 58

# ലക്ഷ്യങ്ങൾ

* മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ പൂർണ്ണമായും സൗജന്യമായ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക.
* അക്കാദമിക മികവിന് പ്രയോജനപ്രദവും ഉപകാരപ്രദവുമായ രീതിയിൽ വിദ്യാലയ പശ്ചാത്തലം വർദ്ധിപ്പിക്കുക.
* പ്രീപ്രൈമറി മുതൽ 7-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.
* അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
* ഈ അവധിക്കാല പരിശീലനത്തിന്റെ ആശയങ്ങൾ ഉൾക്കൊണ്ട്, അക്കാദമിക മാസ്റ്റർപ്ലാൻ, ടീച്ചിങ് നോട്ട് ബുക്ക് (Std. I, II), സംയുക്ത ഡയറി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നു. -തീരുമാനിച്ചു.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

എ.ഡി. 1894ൽ പെൺകുട്ടികൾക്കായി ആരംഭിക്കുകയും കാലക്രമേണ മലയാളം യു.പി. വിദ്യാലയമായും മാറി നാടിനും സമൂഹത്തിനും അഭിമാനമായി തീർന്ന വിദ്യാലയമാണ് ഗവ.യു.പി. സ്കൂൾ തുമ്പമൺ. 124 വർഷങ്ങൾ പിന്നിട്ട് , നേട്ടങ്ങൾ കൊയ്ത് ഈ വിദ്യാലയം ഇന്ന് മുന്നേറുകയാണ്. സർക്കാർ നടപ്പിലാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസമേഖലയിൽ നവചൈതന്യം സൃഷ്ടിക്കും എന്ന ഉത്തമബോധം പുത്തൻ ചിന്തകൾക്കും പ്രവർത്തനങ്ങൾക്കും നാന്ദികുറിക്കാൻ പ്രേരകമായി. വിദ്യാലയ വികസനത്തിന് ഗ്രാമത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളാണ് വിദ്യാലയം ലക്ഷ്യമിട്ടത്. രക്ഷിതാക്കൾ, പ്രദേശവാസികൾ, പൂർവ്വവിദ്യാർത്ഥികൾ, അധ്യാപകർ, ജനപ്രതിനിധികൾ , വിദ്യാഭ്യാസ പ്രവർത്തകർ, വിവിധ റിസോഴ്സ് അധ്യാപകർ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ വിദ്യാലയം വിവിധ മേഖലകളിൽ നേരിടുന്ന പ്രതിസന്ധികൾ തിരിച്ചറിഞ്ഞ് അക്കാദമികവും ഭൗതികവുമായി ഉയർന്ന നിലവാരം കൈവരിക്കലാണ് വരും വർഷങ്ങളിൽ ഞങ്ങൾ ലക്ഷ്യം വെയ്ക്കുന്നത്.

പ്രീ പ്രൈമറി മുതൽ 7-ാം ക്ലാസ്സ് വരെയായി 100 നോടടുത്ത് വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. ഇന്ന് സമൂഹത്തിലെ പല ഉയർന്ന മേഖലകളിലും ജോലി ചെയ്തവരും ജോലിചെയ്യുന്നവരും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

## പശ്ചാത്തലം (പരിമിതികൾ)

തുമ്പമൺ ഗവ. യു.പി.സ്കൂളിൽ ഇന്ന് പ്രീപ്രൈമറി മുതൽ 7-ാം തരം വരെ 90 കുട്ടികൾ പഠിക്കുന്നു. സ്കൂളിൽ ഇപ്പോഴുള്ള കുട്ടികളിൽ 75% കുട്ടികളും പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ്. കൂലിപ്പണി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരായ ആളുകൾ താമസിക്കുന്ന ഈ പ്രദേശത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ മറികടക്കാൻ വിദ്യാലയം നേതൃത്വപരമായ പങ്കുവഹിക്കുന്നുണ്ട്. തുമ്പമൺ ഗ്രാമത്തോടു ചേർന്നു കിടക്കുന്ന പല കോളനികളിൽ നിന്നായി അനേകം ബുദ്ധിമുട്ടുകൾ തരണം ചെയ്താണ് കുട്ടികൾ ഈ വിദ്യാലയത്തിൽ എത്തുന്നത്. യാത്രാസൗകര്യത്തിന്റെ അപര്യാപ്തത കാരണം ഓരോ വർഷവും കുട്ടികളുടെ എണ്ണത്തിൽ താരതമ്യേന വ്യത്യാസം നേരിടുന്നു.

വിദ്യാലയ സ്റ്റാഫ് യോഗങ്ങളിലും, പിടി.എ. യിലും നടന്ന ചർച്ചകളിലൂടെ വിദ്യാലയം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ വിവിധ പ്രവർത്തനങ്ങൾ അടങ്ങിയ പദ്ധതി കൂട്ടായ ചർച്ചയിലൂടെ രൂപപ്പെടുത്തി. വിദ്യാലയത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ പൊതുസമൂഹം അറിയാത്ത അവസ്ഥ, വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും പിന്തുണക്കുറവ്, അക്കാദമിക മികവ് മെച്ചപ്പെടുത്തൽ തുടങ്ങി അനേകം പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

# വിദ്യാലയം മികവിന്റെ കേന്ദ്രം

## കാഴ്ചപ്പാട്

### *പ്രതീക്ഷിത നേട്ടങ്ങൾ*

1. വിദ്യാലയ അന്തരീക്ഷം പാഠപുസ്തകമാക്കുക.

- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസപരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്ക്കൂൾ അന്തരീക്ഷം ഒരു പാഠപുസ്തകമായിവികസിപ്പിക്കുകയും ചെയ്യും.
- ഉയർന്ന പാരിസ്ഥിതികാവബോധത്തിന്റെ അടിസ്ഥാനത്തിൽ നിലപാടുകൾ സ്വീകരിക്കുകയും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ചെയ്യുന്ന വിദ്യാർത്ഥികളെ സൃഷ്ടിക്കും
- ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ലോകം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തന്റേതായ നിലയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും
- പാരിസ്ഥിതികാവബോധം സമൂഹത്തിൽ വളർത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കും.
- ഇത്തരം പ്രവർത്തനങ്ങളിലൂടെ പ്രകൃതിസൗഹൃദവിദ്യാലയ സങ്കല്പം യാഥാർത്ഥ്യമാക്കും.

2. ജൈവവൈവിധ്യ ഉദ്യാനം സജ്ജമാക്കുക.

- ജൈവവൈവിധ്യ ഉദ്യാന രജിസ്റ്റർ തയ്യാറാക്കുക.
- ജൈവ വൈവിധ്യ ഉദ്യാനവുമായി ബന്ധപ്പെടുത്തി വിവിധ വിഷയങ്ങളിലും ക്ലാസ്സുകളിലും നൽകാവുന്ന പഠന പ്രവർത്തനങ്ങൾ തയ്യാറാക്കുക.
- ജൈവ വൈവിധ്യ ഉദ്യാന നിർമിതി ഒന്നാം ഘട്ടം
  - → സസ്യവൈവിധ്യം പരിഗണിച്ച് പ്രാദേശികമായി ലഭ്യമാകുന്ന സസ്യങ്ങൾ നടൽ
  - → ഔഷധത്തോട്ട നിർമാണം
  - → ശലഭോദ്യാന നിർമാണം

- → കൃഷിത്തോട്ടം
- → ജലസംരക്ഷണ സംവിധാനങ്ങൾ ഒരുക്കൽ
- → മണ്ണ് സംരക്ഷണ സംവിധാനങ്ങൾ ഒരുക്കൽ
- → മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കൽ
- → വേനൽപ്പച്ചയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.

■ ജൈവവൈവിധ്യ ഉദ്യാന നിർമിതി - രണ്ടാം ഘട്ടം

- → ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ
- → ചെറുകുളം ഉൾപ്പെടെയുള്ള ആവാസ വ്യവസ്ഥ ഒരുക്കൽ
- → ജൈവവേലികൾ വെച്ചുപിടിപ്പിക്കൽ

ഇതിനെല്ലാം അനുയോജ്യമായി വിദ്യാഭ്യാസ സംവിധാനത്തിന്റെയും ഭരണ നിർവഹണ പങ്കാളികളുടെയും മനോഭാവം മാറ്റിയെടുക്കും, പുത്തൻ കടമാബോധം സ്വാംശീകരിക്കും.

കുട്ടികളുടെ സർവ്വതോൻമുഖമായ വികാസത്തിനുവേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യത പ്രയോജനപ്പെടുത്തും.

നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കും.

സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിക്കും.

# പഠനപ്രവർത്തനങ്ങൾ

* ഓരോ കുട്ടിയും വ്യത്യസ്തമായ കഴിവുകൾ ഉള്ളവരാണ്. കഴിവിന്റ വൈവിധ്യത്തെ മാനിക്കുന്നതാണ് യഥാർഥ വിദ്യാഭ്യാസം
* വിദ്യാർത്ഥിയുടെ കഴിവിന്റെ സമസ്തമേഖലകളുടെയും വികാസം ലക്ഷ്യമിടും.
* ഓരോ വിദ്യാർത്ഥിയുടെയും സവിശേഷവും സർഗപരവുമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കും.

# നേരിടുന്ന വെല്ലുവിളികൾ

* വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യത, ഗണത എന്നിവ ഉറപ്പാക്കൽ
* ഇവയെ അഭിമുഖീകരിക്കാൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തെയും പഠനപരിസരത്തെയും മാറ്റിയെടുക്കൽ
* പുതിയ വെല്ലുവിളി ഏറ്റെടുക്കുന്നതിന് അധ്യാപക സമൂഹത്തെ പരിവർത്തിപ്പിക്കൽ
* രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ.

# ഊന്നൽ മേഖല

## സക്രിയ സാമൂഹ്യ പങ്കാളിത്തം

### ലക്ഷ്യങ്ങൾ

- കുട്ടികളിൽ താൽപര്യമുണർത്തുന്ന രീതിയിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും വിദ്യാലയത്തിലേയ്ക്ക് ആകർഷിക്കുന്നതിനും.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ഗാർഹിക പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് പ്രദേശത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിന്നതിന്.
- പ്രദേശത്തിന്റെ സാധ്യതകൾ വിദ്യാലയത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തുന്നതിന്.
- വിദ്യാലയ സാധ്യാത ദിവസങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് , കുട്ടികളുടെ ഹാജർ നില ഉയർത്തുന്നതിന്.
- പ്രാദേശിക വിദഗ്ധരുടെ സേവനം വിദ്യാലയത്തിൽ പ്രയോജനപ്പെടുത്തുന്നതിന്
- "അയൽപക്ക വിദ്യാലയം നാടിന്റെ സ്വത്ത് " എന്ന സങ്കൽപ്പത്തിലൂന്നി പ്രദേശത്തെ വിദ്യാർത്ഥികളെ വിദ്യാലയത്തിലെത്തിക്കുന്നതിന് .
- കുട്ടികളുടെ എഴുത്ത് , വായന തുടങ്ങിയ നൈപുണികളെ യഥാർത്ഥ ജീവിതവുമായി ബന്ധിപ്പിച്ച് പരിപോഷിപ്പിക്കുന്നതിന്.
- പഠനപ്രവർത്തനങ്ങളിൽ കുട്ടികൾക്ക് കൂടുതൽ താൽപ്പര്യമുണർത്താൻ സാമൂഹ്യ പങ്കാളിത്തത്തോടെ പഠനാനുബന്ധ പരിപാടികൾ സംഘടിപ്പിക്കുന്നതിന്
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കുവാൻ കഴിയും വിധം അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

### ആസൂത്രണം

2015-16 വർഷത്തിന്റെ അവസാനം തന്നെ വിദ്യാലയ വികസനത്തിന് പ്രത്യേക പദ്ധതിയുടെ ആസൂത്രണം നടന്നിരുന്നു. 2016 മെയ് 31 ന് ചേർന്ന പി.ടി.എ, എം.പി.ടി.എ, എസ്.എം.സി, അധ്യാപകർ എന്നിവരുടെ സംയുക്ത യോഗത്തിൽ പ്രോജക്ടിന്റെ കരട് അവതരിപ്പിക്കപ്പെട്ടു. തുടർന്ന് നടന്ന ചർച്ചയിൽ കൂടുതൽ മെച്ചപ്പെടുത്തലുകൾക്ക് ശേഷം പ്രോജക്ട് അംഗീകരിച്ചു.

# അക്കാദമിക കലണ്ടർ

ഓരോ മാസത്തെയും വിദ്യാലയ അക്കാദമിക പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനായി അക്കാദമിക മാസം ആരംഭിക്കുന്നതിനു മുമ്പുതന്നെ പ്രവർത്തനങ്ങൾ വിശദാംശങ്ങളോടെ കലണ്ടർ രൂപത്തിൽ ചിട്ടപ്പെടുത്തി. ഓരോ പ്രവർത്തനവുമായി ബന്ധപ്പെട്ട മുഴുവൻ അധ്യാപകരും ഇത്തരം ആസൂത്രണത്തിൽ പങ്കാളികളായിരുന്നു. 2016 ജൂൺ മുതൽ 2017 മാർച്ച് വരെയുള്ള പ്രവർത്തനങ്ങൾ ഇത്തരത്തിൽ ക്രമീകരിച്ചാണ് നടത്തിയത്.

# വായനാമുറ്റം

പ്രാദേശിക കൂട്ടായ്മകളുടെ സഹകരണത്തോടെ കുട്ടികളിലെയും രക്ഷിതാക്കളിലെയും വായന പ്രോത്സാഹിപ്പിക്കുന്നതിനും പഠനസൗകര്യങ്ങളൊരുക്കാനുമാണ് ഓരോ പ്രദേശത്തെയും ലൈബ്രറികളുമായി സഹകരിച്ച് വായനാമുറ്റം പരിപാടികൾ നടത്തിയത്.

**പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ**

* എസ്.ആർ.ജി. യോഗത്തിൽ തുമ്പമൺ വിദ്യാലയമിഷൻ -2025 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
* വിദ്യാലയവികസന ആവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം- സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
* കരട് രൂപരേഖ എസ്.ആർ.ജി, എസ്.എം.സി., പി.ടി.എ, എം.പി.ടി.എ., രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
* ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
* പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

# നിലവിലെ അവസ്ഥാവിശകലനം

## ഭൗതികം

നേട്ടങ്ങൾ : -

തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് പവലിയൻ നവീകരണം, ഇലക്ട്രിക്കൽ ജോലികൾ, ശൗചാലയ നവീകരണം, വാഷിങ് ഏരിയ, സ്കൂൾ മുറ്റം ടൈൽ പാകൽ തുടങ്ങിയ പണികൾ പൂർത്തികരിച്ചു.

പരിമിതികൾ

ലാബ്, ലൈബ്രറി, ഭക്ഷണശാല എന്നിവയ്ക്ക് മതിയായ സൗകര്യങ്ങൾ ഉള്ള കെട്ടിടങ്ങൾ ഇല്ല. ചുറ്റുമതിൽ പൂർണ്ണമല്ല. സ്കൂൾ പേര് പതിച്ച ബോർഡ് ഇല്ല. വിശാലമായ രീതിയിൽ കളിസ്ഥലം നിർമ്മിക്കണം. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കണം.

## അക്കാദമികം

നേട്ടങ്ങൾ

വിവിധ മത്സര പരീക്ഷകൾ, പ്രവൃത്തി പരിചയമേളകൾ, എന്നിവയിൽ മികവാർന്ന വിജയം. പേപ്പർ പൂക്കൾ നിർമ്മാണത്തിലും മെറ്റൽ എൻഗ്രേവിങ്ങിലും സംസ്ഥാനതലത്തിൽ എ ഗ്രേഡ്, എൽ.പി. - യു.പി. വിഭാഗത്തിലുമായി തുടർച്ചയായി 2 വർഷം 12 പേർ ജില്ലാതലത്തിൽ മത്സരിച്ച് മികവാർന്ന വിജയം കരസ്ഥമാക്കി.

# വിദ്യാലയത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനും മികവിനുമായി പരിഗണിക്കുന്ന പ്രവർത്തനങ്ങൾ

അക്കാദമികം :

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ത്രിഭാഷ പഠന പരിപോഷണം
- ശാസ്ത്രപോഷണ പരിപാടി
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം - യഥേഷ്ടം
- ലബോറട്ടറി ആധുനികവത്കരിക്കൽ
- പ്രതിഭാ പോഷണ പരിപാടി
- നാടകക്കളരി
- ജൈവവൈവിധ്യപാർക്ക്
- സാഹിത്യപോഷണപരിപാടി
- പഠനയാത്രകൾ
- സെമിനാറുകൾ
- കലാകായികമേള
- ഐ.ടി. പരിശീലനം
- അധ്യാപക ശാക്തീകരണ പരിപാടികൾ
- ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ
- സ്കൂൾ പത്രം/മാസിക

# ഭൗതികം

- ചുറ്റുമതിൽ , ഗേറ്റ് , സ്കൂൾ ബോർഡ്
- കളിസ്ഥലം
- ചിൽഡ്രൻസ് പാർക്ക്
- ഡിജിറ്റലൈസ്ഡ് ക്ലാസ്സ് മുറികൾ
- സ്റ്റാഫ് മുറി
- ഓഫീസ് മുറി
- വിശ്രമമുറി
- കംപ്യൂട്ടർ റൂം
- ലൈബ്രറി
- ലബോറട്ടറി
- മാലിന്യ സംസ്കരണം
- ഡൈനിംഗ് ഹാൾ
- അടുക്കള
- ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ്

# പൊതുലക്ഷ്യങ്ങൾ

**മേഖല - അനുയോജ്യവും ആകർഷകവുമായ ഭൗതിക സൗകര്യം**

**പരിഗണനകൾ**

- ഭൗതിക അന്തരീക്ഷം സുരക്ഷിതവും സുന്ദരവുമാകണം.
- ആരോഗ്യകരവും ശുചിത്വ പൂർണവുമായിരിക്കണം.
- ചെറിയ കുട്ടികൾ, പെൺകുട്ടികൾ, പ്രത്യേക പരിഗണന അർഹിക്കുന്നവർ തുടങ്ങി എല്ലാപേരെയും ഉൾക്കൊള്ളുന്ന സമീപനം പ്രതിഫലിപ്പിക്കുന്നതാകണം.
- സ്ഥായിയായി ഊർജ്ജസ്രോതസ്സിനെ ആശ്രയിക്കുന്നതാകണം.
- വഴക്കമുള്ളതും അനുരൂപീകരിക്കാനാവുന്നതും ഭാവിയിലെ വികസനത്തെ തടയാത്തതുമായ ഭൗതിക സൗകര്യമാണ് വേണ്ടത്.
- അനുയോജ്യ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതും പ്രകൃതിക്കിണങ്ങുന്നതുമായിരിക്കണം.
- നിലവിലുള്ളവയുടെ പുനരുപയോഗം, പുനരാവിഷ്കാരം എന്നിവയ്ക്ക് പ്രാധാന്യം നൽകണം.
- ഫലപ്രദമായ സ്ഥല വിന്യാസത്തിനു ശ്രദ്ധിക്കണം.

**ഉപമേഖല**

ഹരിതപരിസരം

- ജൈവവൈവിധ്യപാർക്ക്
- ഔഷധ ഉദ്യാനം
- ജലജീവികൾ, ജലസസ്യങ്ങൾ എന്നിവ അടങ്ങിയ ചെറിയകുളം

- പ്രകൃതിദത്തമായ കാറ്റും വെളിച്ചവും ഓരോ മുറിയിലും ലഭിക്കുന്നതിനുള്ള ക്രമീകരണം
- സ്ഥായിയായി ഊർജ ലഭ്യത - സോളാർ പാനൽ, ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ
- ഹരിത പാതകൾ, ഹരിത ഇടനാഴികൾ, പച്ചപ്പന്തലുകൾ
- ഓരോ കുട്ടിക്കും സംരക്ഷിക്കാൻ ഒരു സസ്യമെങ്കിലും സ്കൂളിൽ
- വിഷരഹിത പച്ചക്കറി കൃഷി വീട്ടിലും
  വിദ്യാലയത്തിലും - ജൈവകൃഷിയിടം.
- പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഹാങിംഗ് ഗാർഡൻ
- പ്ലാസ്റ്റിക് രഹിത വിദ്യാലയം

**സുന്ദരശുചിത്വ പരിസരം**

- പൂന്തോട്ടം
- ശലഭോദ്യാനം
- കുട്ടികളുടെ പാർക്ക്
- ചുറ്റുമതിൽ - പുറം ഭിത്തിയും അകം ഭിത്തിയും
  പഠനമൂല്യമുള്ളതാക്കണം.
- ആകർഷകമായ ഗേറ്റ് , ആർച്ച്
- ദിശാബോർഡുകൾ, പ്രവേശനകവാടത്തിനടുത്ത് വേണം
  (മലയാളത്തിലും ഇംഗ്ലീഷിലും)
- വിശ്രമ പഠന മരത്തണലുകൾ
- വിദ്യാലയ കെട്ടിടങ്ങളുടെ പുറം ഭിത്തിയും അകം ഭിത്തിയും പഠനമൂല്യമുള്ളതാക്കൽ, ബാല- ഭാരതീയ ചിത്രശൈലിയിലൂടെ വൈവിധ്യത്തെ പരിചയപ്പെടുത്താം.
- മാലിന്യ ശേഖരണ സംസ്കരണ സംവിധാനം

## പരിസര സുരക്ഷിതത്വം

- ◈ പ്രവേശന സമയം ഉറപ്പാക്കും
- ◈ സന്ദർശക രജിസ്റ്റർ നടപ്പാക്കും
- ◈ അഗ്നി സുരക്ഷാ സംവിധാനം ഏർപ്പെടുത്തും.
- ◈ ക്ലാസ്സുകൾ, സ്കൂൾ പരിസരം എന്നിവ നിരീക്ഷണത്തിന് സി.സി.ടി.വി ക്യാമറ സംവിധാനം ഏർപ്പെടുത്തും.
- ◈ ശുചീകരണ ഉപകരണങ്ങൾ സൂക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തും.
- ◈ ഫസ്റ്റ് എയ്ഡ് റൂം
- ◈ ടോയ്‌ലറ്റ് (ആനുപാതിക എണ്ണം ഗേൾസ് ഫ്രണ്ട്‌ലി അഡാപ്റ്റഡ്) ഓരോ നില യിലും ഓരോ കെട്ടിടത്തിലും മാതൃകാപരമായിരിക്കണം.
- ◈ എമർജൻസി എക്സിറ്റ് ആവശ്യമുള്ള സ്ഥലങ്ങളിൽ ഏർപ്പെടുത്തും.

## അനുരൂപീകരിക്കപ്പെട്ട ഭൗതിക സൗകര്യം ഏർപ്പെടുത്തും.

- ◈ ശാരീരിക വെല്ലുവിളി അനുഭവിക്കുന്ന കുട്ടികളെയും പരിഗണിക്കുന്ന രീതി യിൽ എല്ലാ കെട്ടിടങ്ങളുടെയും ഭൗതിക സംവിധാനം ക്രമീകരിക്കും.
- ◈ കൊച്ചുകുട്ടികളെ പരിഗണിച്ചുള്ള സംവിധാനം (ഇരിപ്പടം, പാർക്ക്, ടാപ്പുകൾ)
- ◈ അഡാപ്റ്റഡ് ടോയ്‌ലറ്റ് , ഇരിപ്പിടങ്ങൾ, വാഷ്ബേസിനുകൾ, ബോർഡുകൾ

## ജലസംരക്ഷണ വിതരണ സംവിധാനം

- ◈ കിണർ റീചാർജിംഗ് സംവിധാനം
- ◈ മഴവെള്ള സംഭരണി
- ◈ തിളപ്പിച്ചാറിയ ജലം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനുള്ള ക്രമീകരണം (ക്ലാസ്സിൽ പൊതുസ്ഥലങ്ങളിൽ)

## ഊട്ടുപുര

- ◈ കാറ്റും വെളിച്ചവും യഥേഷ്ടം ലഭിക്കുന്ന രീതിയിൽ വൃത്തിയും വെടിപ്പും ഉള്ള അടുക്കള.
- ◈ ബയോഗ്യാസ് പ്ലാന്റ്
- ◈ മിക്സി, കുക്കർ, പൈപ്പ് കണക്ഷൻ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ

- പാചകവൃത്തി , പരിശീലനം ലഭിച്ച പാചകത്തൊഴിലാളി.
- കുട്ടികൾക്കു ഒരേ സമയം ഭക്ഷണം കഴിക്കാനുള്ള വൃത്തിയും ആകർഷകവുമായ സൗകര്യം.
- ഗ്ലാസ്സുകളും പ്ലേയ്റ്റുകളും എന്നും തിളപ്പിച്ച വെള്ളത്തിൽ കഴുകുന്നതിനുള്ള സംവിധാനം.
- എല്ലാ കുട്ടികൾക്കും തിളപ്പിച്ച വെള്ളം നൽകാനുള്ള സംവിധാനം.
- പ്രസിദ്ധീകരിച്ച മെനു
- ആധുനിക സൗകര്യങ്ങളുള്ള സ്റ്റോർമുറി.

## സാമൂഹികം

- പി.ടി.എ. ശക്തിപ്പെടുത്തൽ
- എസ്.എം.സി. , എസ്.സി.എം.സി കാര്യക്ഷമമാക്കൽ
- വിദ്യാലയ വികസനസമിതി
- പൂർവ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ
- എസ്.എസ്.ജി. പ്രവർത്തനം കാര്യക്ഷമമാക്കൽ
- ഗ്രന്ഥശാലകൾ , ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ
- ക്ലാസ് പി.ടി.എ., ശക്തവും മാതൃകാപരവും ആക്കുന്നതിനുള്ള നടപടികൾ
- വിദ്യാലയ മികവുകൾ ശ്രദ്ധേയവും പൊതു സമൂഹവുമായി പങ്കിടൽ
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ
- റിസോഴ്സ് മാപ്പിംഗ്

## അക്കാദമികം

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- ഓരോ അധ്യയനഘട്ടം പൂർത്തിയാകുമ്പോഴും ലോവർ പ്രൈമറി, അപ്പർ പ്രൈമറി, തലത്തിൽ കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമിക പരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന -ദേശീയ - അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധേയമായ പൗരൻമാരാക്കി വളർത്തും.
- എല്ലാ കുട്ടികൾക്കും മലയാളം , ഇംഗ്ലീഷ് , ഹിന്ദി ഭാഷകൾ സംസാരിക്കാനും വായി ക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
- സ്കൂൾ ക്യാമ്പസ്സ് പൂർണ്ണമായും പ്ലാസ്റ്റിക് മുക്ത ക്യാമ്പസാക്കും
- ലഹരി മുക്ത ക്യാമ്പസ്സാക്കും
- ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കും
- പുകയിലമുക്ത ക്യാമ്പസാക്കി മാറ്റും.
- ഈ വർഷത്തെ അവധിക്കാല പരിശീലനത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ട്, ശ്രദ്ധ Std.I, നോട്ട് ബുക്ക്, അക്കാദമിക മാസ്റ്റർ പ്ലാൻ, സംയുക്ത ഡയറി, ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ തീരുമാനിച്ചു.

# മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **പേര് : ചുറ്റുമതിൽ** | | | | |
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്തിടങ്ങളിൽ നിർമ്മാണം പൂർത്തിയാക്കുക ആകർഷണീയമാക്കുക | 1 വർഷം | പഞ്ചായത്ത് | 5 ലക്ഷം |
| **പേര് : കവാടം, ബോർഡ്** | | | | |
| സ്കൂൾ ആകർഷകമാക്കൽ സുരക്ഷിതത്വം | ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം സ്കൂൾ ബോർഡ് എന്നിവ സജ്ജമാക്കൽ | 1 വർഷം | പഞ്ചായത്ത് | 3 ലക്ഷം |
| **പേര് : പുതിയ മന്ദിരം** | | | | |
| ഭൗതിക സൗകര്യം ഒരുക്കി അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ | ആധുനിക സംവിധാനങ്ങളോടുകൂടിയ ക്ലാസ്സ് മുറികൾ | 2 വർഷം | പി.ടി.എ | 1 കോടി MLA ഫണ്ട് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **പേര് : ചിൽഡ്രൻസ് പാർക്ക്** | | | | |
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന കെട്ടിടത്തിന് പുറകു വശത്തായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം | 1 വർഷം | പി.ടി.എ | എം.എൽ.എ. ഫണ്ട് 1 കോടി |
| **പേര് : ഡൈനിംഗ് ഹാൾ** | | | | |
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിലയിൽ ഡൈനിംഗ് ഹാൾ, സ്റ്റോർ റൂം, അടുക്കള, വാഷിങ് ഏരിയ. | 1 വർഷം | പി.ടി.എ | |
| **പേര് :പ്രീ - പ്രൈമറി & ലാബ്** | | | | |
| പ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കുക, ലാബുകൾ ശാസ്ത്രീയമാക്കുക. | ആകർഷകമായ വിധത്തിൽ പ്രീ- പ്രൈമറി & ലാബ് | ഒരു വർഷം | പി.ടി.എ | 1 കോടി MLA ഫണ്ട് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **പേര് : കംപ്യൂട്ടർ ലാബ്** | | | | |
| അടിസ്ഥാന സൗകര്യ വികസനം | ഐ.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ | 1 വർഷം | പി.ടി.എ., എൽ.എസ്. ജി.ഡി | എം.എൽ.എ. ഫണ്ട് |
| **പേര് : ശുദ്ധജലവിതരണം** | | | | |
| അ ടി സ്ഥാ ന സൗകര്യ വിക സനം | ശുദ്ധീകരിച്ച കുടിവെള്ളം വിതരണം ചെയ്യുന്നതിനും വേണ്ട സംവിധാനം | 1 വർഷം | എസ്.എസ്.ജി | എം.എൽ.എ. ഫണ്ട് |
| പേര് : **Block plantation Pgm** | | | | |
| സ്കൂൾ പരിസരം ഹരിതാഭമാക്കൽ | തരിശുകിടക്കുന്ന ഭൂമിയിൽ വനംവകുപ്പിന്റെ സഹകരണത്തടെ ഔഷധച്ചെടികൾ പൂച്ചെടികൾ, മരങ്ങൾ വെച്ചു പിടിപ്പിക്കൽ | ഒരു വർഷം | എസ്. എസ്.ജി | Sponcer |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **പേര് : യോഗപരിശീലനം** | | | | |
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായു സഞ്ചാരമുള്ള ഒരു മുറി,ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിനു വേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ ഒരു ദിവസം | പി.ടി.എ. | 2 ലക്ഷം (ജില്ലാ പഞ്ചായത്ത് |
| **പേര് : ഓഫീസ് ഡിജിറ്റലൈസേഷൻ** | | | | |
| വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കലും ആവിശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും | 2 വർഷം | എച്ച്.എം. എസ്.ആർ.ജി. കൺവീനർ | 5 ലക്ഷം |
| **പേര് : മാലിന്യ സംസ്ക്കരണം** | | | | |
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | ഒരു വർഷം | എസ്.എസ്.ജി | 1 ലക്ഷം |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **പേര് : ബയോഗ്യാസ് പ്ലാന്റ്** | | | | |
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോ ഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചക ആവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.ടി.എ. എസ്.എം.സി | 2 ലക്ഷം അനെർട്ട് |
| **പേര് : ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്** | | | | |
| കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് | നാപ്കിൻ സംസ്കരണം | 6 മാസം | പി.ടി.എ | |
| **പേര് : ടൂൾകിറ്റ് ,പണിയായുധങ്ങൾ** | | | | |
| കൃഷി അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം , പച്ചക്കറി കൃഷി, കംപ്യൂട്ടർ, തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ. | 6 മാസം | പി.ടി.എ സ്റ്റാഫ്, സെക്രട്ടറി | 10000 PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **പേര് : മൈക്ക്** | | | | |
| അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | സ്കൂൾ പരിസരവും ക്ലാസ്സ് മുറികളും മൈക്ക് സ്ഥാപിച്ച് വിദ്യാലയ പ്രവർത്തനം സുഗമമാക്കുക. | 6 മാസം | പി.ടി.എ. | 2 ലക്ഷം |
| **പേര് : സൗരോർജ്ജ പാനൽ** | | | | |
| പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | ഓഡിറ്റോറിയത്തിനു മുകളിൽ സൗരോർജ്ജ പാനൽ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | പി.ടി.എ | |
| **പേര് : ടൂൾകിറ്റ് ,പണിയായുധങ്ങൾ** | | | | |
| കൃഷി അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം , പച്ചക്കറി കൃഷി, കംപ്യൂട്ടർ, തുടങ്ങിയവയുടെ പ്രവർത്തനം. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പേര് : മിനി കോൺഫറൻസ് ഹാൾ | | | | |
| 250 പേർക്ക് ഒരേസമയം ഇരിക്കുന്നതിനുവേണ്ട ആധുനിക ഇന്റർനെറ്റ് സൗകര്യം പ്രയോജനപ്പെടുത്തിയുള്ള ഹാൾ | മീറ്റിംഗുകൾ ചർച്ചകൾ തുടങ്ങിയവ നടത്തുന്നതിന് | 1 വർഷം | എൽ.എസ്.ജി.ഡി, പി.ടി.എ. | എം.എൽ.എ ഫണ്ട് |
| പേര് : നീന്തൽക്കുളം<br>മേഖല : ഭൗതികം<br>ബോർഡ് | | | | |
| ആരോഗ്യകായികക്ഷമത വർദ്ധിപ്പിച്ച് വിദ്യാഭ്യാസം ഫലപ്രദമാക്കൽ | ജലലഭ്യത സ്ഥലവിസ്തൃതി എന്നിവ പരിഗണിച്ച് നീന്തൽക്കുളം നിർമ്മിക്കൽ, അവധി ദിവസങ്ങളിൽ നിയന്ത്രണങ്ങളോടെ പൊതു സമൂഹത്തിനും പരിശീലത്തിന് അവസരം നൽകൽ | 1 വർഷം | പി.ടി.എ.<br>പി.ഇ.എ | എം.എൽ.എ ഫണ്ട് |
| പേര് : വാനനിരീക്ഷണം<br>മേഖല : ഭൗതികം | | | | |
| ശാസ്ത്രാഭിരുചി വളർത്തുക. ബഹിരാകാശം അടുത്തറിയുക. | വാനനിരീക്ഷണം നടത്തി ശാസ്ത്രത്തോട് കുട്ടികൾക്ക് താതാപര്യം ജനിപ്പിക്കുക | 1 വർഷം | പി.ടി.എ., തുമ്പമൺ വി.എസ്.എസ്.സി. സഹായം | MLA ഫണ്ട് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **പേര് : ചരിത്ര ഭൂമിശാസ്ത്ര മ്യൂസിയ മുറി** | | | | |
| ചരിത്രവും ഭൂമിശാസ്ത്രവും മനസ്സിലാക്കാനുള്ള , ആധുനിക സൗകര്യം | കുട്ടികളിൽ പഴമയുടെയും പുതുമയുടെയും അന്തരം മനസ്സിലാക്കുക. പൗരാണിക സാധനങ്ങൾ പരിചയപ്പെടുത്തുക. | 1 വർഷം | എൽ.എസ്.ജി. പി.ടി.എ. | എം.എൽ.എ ഫണ്ട് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പുസ്തക സമാഹരണം<br>സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാകുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ.ജി. | |
| മികവുറ്റ സ്കൂളിലേയ്ക്ക് പഠനയാത്ര<br>കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യ പാഠാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി<br>പി.ടി.എ | പി.ടി.എ.<br>ഫണ്ട് |
| പുസ്തക പ്രചരണം<br>വായനയുടെ സന്ദേശം സമൂഹത്തിന് കൈമാറൽ ധനസമാഹരണ മാർഗ്ഗം | കുട്ടികൾ, അധ്യാപകർ , പി.ടി.എ എന്നിവരുടെ നേതൃത്വത്തിൽ പുസ്തകങ്ങൾ സമാഹരിക്കും. | മധ്യവേനൽ അവധി | സ്റ്റാഫ് കൗൺ,സിൽ<br>പി.ടി.എ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **മാഗസിൻ പ്രസിദ്ധീകരണം** | | | | |
| കുട്ടികളുടെ വിവിധ സൃഷ്ടികൾ പരിശോധിച്ച് മികച്ചവ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കൽ | കുട്ടികൾ രചിച്ചകഥ, കവിത, കാർട്ടൂൺ, ചിത്രം തുടങ്ങിയ സാഹിത്യ സൃഷ്ടികൾ തെരഞ്ഞെടുത്ത് അച്ചടിച്ച് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി, പി.ടി.എ | |
| **സ്കൂൾ കലണ്ടർ, പത്രം, ഡയറി** | | | | |
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവെയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക പ്രവർത്തങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് വിതരണം ചെയ്യുക. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി, പി.ടി.എ | 10000 |
| **മത്സരപരീക്ഷകൾക്ക് പരിശീലനം.** | | | | |
| അറിവിന്റെ ജനകീയവൽക്കരണം | വൈകുന്നേരങ്ങളിൽ അവധി ദിവസങ്ങളിൽ വിവിധ മത്സരപരീക്ഷകൾ തയ്യാറാക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകൽ. | ആഴ്ചയിൽ 2 ദിവസം | എസ്.എസ്.ജി. പി.ടി.എ | |

# ഏൽ.പി. തലം

## അക്കാദമികം

# അക്കാദമിക പ്രവർത്തനങ്ങൾ

## ഭാഷാവികസനം

### മാതൃഭാഷ

വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടേയും എഴുത്തിന്റേയും പാതയിലേക്ക് നയിക്കാൻ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും മികച്ച വായനക്കാരനാക്കുക, ഒപ്പം മികച്ച എഴുത്തുകാരനാക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻനിരയിലെത്തിച്ച് വായനയും എഴുത്തും പരിപോഷിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ് അക്ഷരക്കാർഡ് നൽകൽ വാക്കുകൾ നിർമ്മിക്കൽ വാക്കുകൾ എഴുതിയ കാർഡ് നൽകൽ വാക്യങ്ങൾ നിർമ്മിക്കൽ ചിത്രം നൽകി അടിക്കുറിപ്പ് എഴുതിക്കൽ ചിത്രം നോക്കി കഥ പറയൽ ചിത്രം നോക്കി കഥ എഴുതൽ കഥ പൂർത്തിയാക്കൽ സി. ഡി യിൽ ചിത്രം പ്രദർശിപ്പിച്ച് അനുയോജ്യമായ വാക്യങ്ങൾ എഴുതൽ | ഹ്രസ്വകാലം | ക്ലാസധ്യാപിക |
| | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപികരിക്കൽ<br>2. ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ<br>3. പത്രവായന<br>4. ലൈബ്രറി പുസ്തകം വായിച്ച് വായനക്കുറിപ്പ് പങ്കു വെയ്ക്കുന്നു.<br>5. വായനാക്കുറിപ്പ് പതിപ്പ് തയ്യാറാക്കൽ<br>6. വിദ്യാരംഗം കലാസാഹിത്യ വേദി - ലഘുകവിതകൾ വായിച്ചവതരിപ്പിക്കൽ - ലഘുകഥകൾ വായിച്ചവതരിപ്പിക്കൽ<br>7. ബാലസഭ<br>8. ദിനാചരണങ്ങൾ - ദിനാചരങ്ങളുടെ പ്രാധാന്യം വ്യക്തമാക്കുന്ന കുറിപ്പുകളുടെ അവതരണം | ഹ്രസ്വകാലം | ക്ലാസധ്യാപിക |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ട രൂപീകരണം ലൈബ്രറി പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കൽ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ ചുമർ പത്രിക തയ്യാറാക്കൽ ദിനാപങ്ങളുമായി ബന്ധപ്പെട്ട് പതിപ്പ് തയ്യാറാക്കൽ സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ(കഥ, കവിത, ചിത്രങ്ങൾ) | ഹ്രസ്വകാലം | ക്ലാസധ്യാപിക |
| | | വ്യക്തിഗത രചന/ സംഘരചന (പഠനപ്രവർത്തനങ്ങൾ/ | മധ്യകാലം | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 5 | ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതികവിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുന്നു | ഇ- വായന മലയാളം | ദീർഘകാലം | ഭാഷാധ്യാപകൻ BRC |

ആമുഖം

വിദ്യാർത്ഥി സമൂഹത്തെ വായനയിലും എഴുത്തിലും മികവുറ്റതാക്കാൻ വിദ്യലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും മികച്ച വായനാക്കാരനാക്കാനും അതോടൊപ്പം മികച്ച എഴുത്തുകാരനാക്കാനും എന്ന ലക്ഷ്യമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്

ഈ ലക്ഷ്യം കൈവരിക്കാൻ വേണ്ടി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുൻധാരയിലേക്ക് എത്തിക്കുവാനുള്ള ഒരു സംരഭമാണ് 2018-19 അധ്യായന വർഷം തുമ്പമൺ ഗവ.യു.പി.എസ് ഏറ്റെടുക്കുന്ന പ്രോജക്ട്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. | പ്രീടെസ്റ്റ് അക്ഷരം ഉറപ്പിക്കൽ ഉച്ചാരണം ശരിയാക്കൽ അക്ഷരക്ലൗഡ്, (cwsn) പദക്കാർഡ് ഉപയോഗിച്ച് വാക്ക്, വാക്യം നിർമ്മിക്കുക.<br>ചിത്രം- കഥ പറയൽ<br>ചിത്രം- അടിക്കുറിപ്പ്- കഥ പറയൽ കഥ പൂർത്തിയാക്കൽ നിലവാരമനുസരിച്ചുള്ള കഥാപുസ്തകങ്ങൾ നൽകൽ ചിത്രം നൽകി വാക്ക്, (cwsn) വാക്യം എഴുതിക്കുന്നു. | ഹ്രസ്വകാലം | വിഷയത്തിന്റെ ചുമതലയുള്ള അധ്യാപകർ |
| വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുന്നു. | ക്ലാസ് തല വായനക്കൂട്ടം രൂപികരിക്കൽ. വായനമൂല ക്ലാസ് ലൈബ്രറി രൂപിക്കരൽ ലൈബ്രറി നവീകരണം പ്രാദേശിക ഗ്രന്ഥശാല അംഗത്വം. വായനോത്സവം സംഘടിപ്പിക്കൽ, പത്രവായന, പുസ്തകച്ചർച്ച, വായനാനുഭവം പങ്കുവെയ്ക്കൽ വായനാക്കുറിപ്പ് പതിപ്പ്<br>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>English assembly<br>ICT സാധ്യതകൾ. | ഹ്രസ്വകാലം | വിഷയത്തിന്റെ ചുമതലയുള്ള അധ്യാപകർ |
| എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുന്നു. | എഴുത്തുകൂട്ടം രൂപികരണം. പുസ്തകച്ചർച്ച. ക്ലാസ് ലൈബ്രറി. വായനാക്കുറിപ്പ് പതിപ്പ്. എഴുത്തുകാരെ പരിചയപ്പെടൽ. ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ. ചുമർപത്രിക പതിപ്പ്<br>English Fest | ഹ്രസ്വകാലം | |

# ഗണിതം

ഗണിത വസ്തുതകൾ കുട്ടികളിൽ എത്തിക്കേണ്ട ആസ്വാദ്യകരമായ രീതികൾ അവലംബിക്കേണ്ടതായുണ്ട്. ഗണിതപഠനം കുട്ടികളിൽ വിരസതയുളവാക്കാതെ മെച്ചപ്പെട്ട രീതിയൽ നടപ്പിലാക്കാൻ അധ്യാപകൻ ശ്രമിക്കേണ്ടതായുണ്ട്. അതിനായി ഐസിറ്റി സാധ്യതകൾ നമുക്ക് ഉപയോഗപ്പെടുത്താം. ചതുഷ്ക്രിയകൾ കുട്ടിയുറപ്പിക്കാൻ നിരവധി നൂതനമായ മാർഗങ്ങൾ സ്വീകരിക്കേണ്ടതായുണ്ട്. അതിനുവേണ്ടി രസകരമായ ഗണിത കേളികളും ഗ്രൂപ്പ് പ്രവർത്തനങ്ങളും നമുക്ക് സ്വീകരിക്കാവുന്നതാണ്. അടിസ്ഥാന വസ്തുതകൾ കുട്ടികളിൽ ഉറപ്പിച്ച് ഇതിലൂടെ ഗണിതപഠനം അനായാസമാക്കാം.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ◆ അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. (ഗണിതം) | പ്രീടെസ്റ്റ്- കുട്ടികളുടെ നിലവാരമളക്കൽ<br>◆ വസ്തുക്കളുടെ കൂട്ടമുപയോഗിച്ച് ഗുണനപട്ടിക രൂപീകരിക്കൽ<br>◆ സംഖ്യാകാർഡുകൾ ഉപയോഗിച്ച് ഗുണനവസ്തുതകൾ രൂപികരിക്കൽ<br>◆ സംഖ്യാകേളി നടത്തൽ (ഗ്രൂപ്പ് തിരിഞ്ഞ് ഗുണന ഫലം കണ്ടെത്തൽ)<br>◆ ഡയസ് കളി | ഹ്രസ്വകാലം | ക്ലാസധ്യാപിക |
| 2 | ◆ ഗണിതത്തിൽ ഐസിറ്റി സാധ്യത പ്രയോജനപ്പെടുത്തൽ | G- compris കുട്ടികളെ പരിചയപ്പെടുത്തൽ<br>ഓരോ പാഠഭാഗത്തും ഐ സിറ്റിയുമായി ബന്ധിപ്പിക്കാവുന്ന പ്രവർത്തനങ്ങൾ TMൽ രേഖപ്പെടുത്തൽ പാഠഭാഗത്തനുസരിച്ചുള്ള പ്രവർത്തനങ്ങൾ ചെയ്യൽ | | |

# പരിസരപഠനം

കുട്ടികളിൽ പരിസരത്തെ സ്നേഹിക്കുവാനുള്ള കഴിവ് വളർത്തിയെടുക്കാനുള്ള പ്രവണതയിലേക്ക് കുട്ടിയെ നയിക്കുന്നതാവണം പരിസരപഠന പ്രവർത്തനങ്ങൾ. നിരീക്ഷണ പരീക്ഷണ പ്രക്രിയയിലൂടെ പരിസരപഠനം അനുഭവവേദ്യമാക്കണം. കുട്ടിയിൽ പരിസരപഠനം ഉറക്കുന്നതിന് പരീക്ഷണ സാമഗ്രികൾ ഉപയോഗിച്ചുള്ള പഠനാന്തരീക്ഷം ഒരുക്കൽ അനിവാര്യമാണ്. പരീക്ഷണ സാമഗ്രികൾ ചിട്ടയായി ഒരുക്കി പരിസരപഠനാനുഭവത്തിലേക്ക് നയിക്കലാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| | ഒന്നു മുതൽ നാല് വരെ ക്ലാസുകളിലെ പരിസര പഠനപ്രവർത്തനങ്ങൾ ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാ | ◆ ഒന്നു മുതൽ നാല് വരെ ക്ലാസുകളിലെ പഠനത്തിന് സഹായകമായ ശാസ്ത്രമൂലയിലുണ്ടായിരിക്കേണ്ട മെറ്റീയിരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>◆ തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ നിർമ്മിക്കേണ്ടത്, ക്ലാസിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്യുന്നു.<br>◆ സാമഗ്രികൾ വാങ്ങൽ | ദീർഘകാലം | ക്ലാസ് അധ്യാപകൻ |
| | | ◆ ശാസ്ത്രമൂലയ്ക്ക് ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം<br>◆ പരീക്ഷണങ്ങൾ സാമഗ്രികളുടെ നിർമ്മാണ ശില്പശാലകൾ [illegible] സംഘടിപ്പിക്കുക. | ഹ്രസ്വകാലം | ക്ലാസ് അധ്യാപിക |

# ഇംഗ്ലീഷ്

ഇംഗ്ലീഷ് പഠനം രസകരവും അനായാസവുമാക്കാൻ കുട്ടികളിൽ ആകർഷണീയമായ പ്രവർത്തനങ്ങൾ എത്തിക്കേണ്ടതായുണ്ട്. ഇംഗ്ലീഷിൽ കുട്ടികളിൽ താല്പര്യം വളർത്തുക എന്നതാണ് ഇതിൽ ഏറ്റവും അഭികാമ്യമായത്. കുട്ടിക്ക് ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനും എഴുതാനും വായിക്കാനുമുള്ള കഴിവ് വികസിപ്പിച്ചെടുക്കുക എന്നതാണ് ക്ലാസ്റൂം പഠനത്തിൽ ഏറെ പ്രാധാന്യം കൊടുക്കേണ്ട കാര്യം. കുട്ടിയിൽ ഈ ശേഷികൾ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങൾ നല്കുന്നതു വഴി ഇംഗ്ലീഷ് പഠനം ആസ്വാദ്യകരമായ ഒരു അനുഭവമാക്കി മാറ്റാൻ കഴിയും.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| | എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കുക. | ◆ പഠനനില കണ്ടെത്തൽ (പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു)<br>◆ പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ / ശേഖരിക്കൽ<br>◆ ഇംഗ്ലീഷ് അസംബ്ലി<br>◆ ഇംഗ്ലീഷ് ഡയറിക്കുറിപ്പ്<br>◆ ബാലസഭയിൽ ഇംഗ്ലീഷിലുള്ള ഏതെങ്കിലും ഒന്നോ രണ്ടോ അവതരണം<br>◆ ഇംഗ്ലീഷ് - വായനമൂല | ഹ്രസ്വകാലം<br>മധ്യകാലം<br>ദീർഘകാലം | ക്ലാസ് അധ്യാപിക |

# യു. പി. തലം

## അക്കാദമികം

# അക്കാദമിക പ്രവർത്തനങ്ങൾ

## ഭാഷാവികാസം

## മാതൃഭാഷ

കുട്ടികളിൽ ഭാഷാനൈപുണികൾ ആർജിക്കാനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികളിൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതായുണ്ട്. സർഗ്ഗാത്മകരചന വളർത്തുന്നതിനുള്ള ലഘുകവിതകൾ , വായ്ത്താരികൾ എന്നിവ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും അവർക്ക് സ്വന്തമായി രചിക്കുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്യേണ്ടതായുണ്ട്.

| ക്രമനമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പാക്കുന്നു. | ■ ക്ലാസ് വായനാക്കൂട്ടം രൂപിക്കരിക്കൽ<br>■ വായനാ മൂല, ക്ലാസ് ലൈബ്രറി രൂപിക്കരിക്കൽ cwsn<br>■ വായനോത്സവം സംഘടിപ്പിക്കൽ ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>■ വായനാ സാമഗ്രികൾ വികസിപ്പിക്കൽ<br>■ ആസ്വാദകരമായ വായന പത്രവായനയും വിശകലനവും | ഹ്രസ്വകാലം | |
| 2 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ടം രൂപികരണം പുസ്തക ചർച്ച ക്ലാസ് sse{_ dn cwsn വായനാ കുറിപ്പ് പതിപ്പ് ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ. | ദീർഘകാലം | |
| 3 | കുട്ടിയുടെ സാഹിത്യഭിരുചി വളർത്തുക | വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം സ്കൂൾ സഭ, ബാലസഭ പ്രവർത്തനങ്ങൾ സാഹിത്യകാരൻമാരുള്ള അഭിമുഖം പുസ്തകത്തിലെ ആശയങ്ങളെ ആസ്പദമാക്കി ആവിഷ്കാരങ്ങൾ വിവിധ ശാഖകൾ പരിചയപ്പെടൽ. | ഹ്രസ്വകാലം | വിദ്യാരംഗം കൺവീനർ |
| 4 | എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാം വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടിയെന്ന് ഉറപ്പാക്കുന്നു | പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് (പ്രസംഗം, അഭിനയം) വായനാനുഭവം പങ്കുവെയ്ക്കാൽ ദിനചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കഥാരചന, കവിതാരചനാ, ഉപന്യാസം | | |

മേഖല :ഭാഷാപഠനം

ഉപ മേഖല: ഹിന്ദിഭാഷാപഠനം

<u>ലക്ഷ്യങ്ങൾ :</u>

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തന§Ä_ആസൂത്രണം ചെയ്ത് നടപ്പാക്കുക
- ഓരോ യുണിറ്റിലും ലഭിക്കേണ്ട പഠനനേട്ടം എല്ലാകുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

## പ്രവർത്തനം:

1. എല്ലാ കുട്ടികൾക്കും ഹിന്ദി തിരിച്ചറിയൽ കാർഡ്
2. ഹഫ്തെ കാ ശബ്ദ് (ആഴ്ച്ചയിലെ വാക്ക്)
3. ഹിന്ദി ക്ലാസ്സ് ലൈബ്രറി
4. ഹിന്ദി ഡിജിറ്റൽ ലൈബ്രറി
5. ഹിന്ദി അസെംബ്ലി( ആഴ്ചയിൽ ഒന്ന്)
6. ഹിന്ദി പ്രശ്നോത്തരി ( ആഴ്ചയിൽ ഒന്ന്)
7. ഹിന്ദി പ്രദർശന ബോർഡ് ഓരോ ക്ലാസ്സിലും
8. നിരന്തരമൂല്യനിർണ്ണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തി തുടർപ്രവർത്തനങ്ങളുടെ ആസൂത്രണം
9. ഹിന്ദി നോട്ടു പുസ്തകം സമഗ്രവും ആകർഷകവുമാക്കുക
10. ഹിന്ദി പത്രം,ഇ-പേപ്പർ ലഭ്യമാക്കൽ
11. ഐ സി ടി ഉപയോഗം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കൽ
12. ഹിന്ദി കലോത്സവം
13. എന്റെ ഹിന്ദി ഡയറി( ആഴ്ചയിൽ ഒന്ന്)
14. ഹിന്ദി ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ
15. ഹിന്ദി നാടകം,സ്കിറ്റ്,റോൾ പ്ലേ ,കൊറിയോഗ്രാഫി
16. ഹിന്ദി വർക്ക്ഷീറ്റ് നിർമ്മാണം,ഉപയോഗം
17. ഹിന്ദി സംസാരിക്കുവാനുള്ള പ്രത്യേക പരിശീലനം
18. ഹിന്ദി ഫിലിം ക്ലബ്
19. ഹിന്ദി കൈയ്യെഴുത്ത് മാസിക
20. ദിനാചരണങ്ങൾ ഹിന്ദിയിൽ
21. എന്റെ ഹിന്ദി ബുക്ക്
22. ഹിന്ദി ബാലസഭ

| | | | | |
|---|---|---|---|---|
| | തരത്തിലുള്ള പ്രവർത്ത നങ്ങൾ ആസൂത്രണം ചെയ്യുന്നു. | പ്രവർത്തനങ്ങൾ (cwsn)<br>♦ ബോധവൽക്കരണ ക്ലാസുകൾ ശാസ്ത്രമേഖലയിലുള്ള പ്രമുഖരുമായുള്ള അഭിമുഖം<br>♦ സയൻസ് ക്വിസ് ചർച്ചാ വേദികൾ സെമിനാർ പ്രോജക്ട്<br>♦ ഉപകരണ നിർമ്മാണം | | |

# സാമൂഹ്യശാസ്ത്രം

**ആമുഖം**

മനുഷ്യൻ ഒരു സാമൂഹികജീവിയാണ്. സമൂഹത്തിൽ ജീവിക്കേണ്ടതായരീതികൾ കുട്ടിയിൽ എത്തേണ്ടതാണ്. മനുഷ്യന്റെ സാമൂഹികമായ ഇടപെടുകളിലൂടെ കാലാകാലാങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ കുട്ടികളിൽ എത്തിക്കുകയും കുട്ടികളിൽ മികച്ച സാമൂഹികബോധം ഉണ്ടാക്കിയെടുക്കുകയുമാണ് സാമൂഹ്യശാസ്ത്രപഠനത്തിലൂടെ ലക്ഷ്യമിടുന്നത്. മെച്ചപ്പെട്ട പഠനസാമഗ്രികൾ ഉപയോഗിച്ച് സാമൂഹ്യശാസ്ത്രപഠനം മികവുറ്റതാക്കാൻ അധ്യാപകൻ ഒരു പ്രേരിതാമായി പ്രവർത്തിക്കണം. ഇതിലൂടെ സാമുഹ്യപാഠം പഠനങ്ങൾ നേടിയെടുക്കാം.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | സാമുഹ്യ ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ((cwsn)) | ദീർഘകാലം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 2 | സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർക്കുന്നതിന് പ്രാപ്തരാക്കുക. | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ് പാനൽചർച്ച പ്രഭാഷണം. | ഹ്രസ്വകാലം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 3 | ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക. | ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ്. ജനപ്രതിനിധികളുമായുള്ള സംഭാഷണം. പ്രകടനപത്രിക, പ്രചാരണം എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപികരിക്കൽ. മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ ഐസിറ്റി. | ഹ്രസ്വകാലം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 4 | സാമൂഹികശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യാൻ | സാമൂഹ്യശാസ്ത്ര മാഗസിനുകൾ തയ്യാറാക്കുക. ക്ലാസ്തല മാഗസിനുകൾ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൽ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | ദീർഘകാലം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | പ്രസിദ്ധകരിക്കുക. | 6 മാസം<br>1 വർഷം<br><br>മാസത്തിൽ ഒന്നു വീതം | 5 -7<br><br>ഹിന്ദി ക്ലബ്ബ് | 2, 4, 8, 10, 16<br><br>ഹിന്ദി പഠനം കാര്യക്ഷമമാക്കൽ |

## അടിസ്ഥാന ശാസ്ത്രം

കുട്ടികളിൽ ശാസ്ത്രപഠനത്തിനുള്ള താല്പര്യം വളർത്തുവാനും ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ സൃഷ്ടിക്കാനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സ്വാധീനം ശാസ്ത്രപഠനത്തിൽ സൃഷ്ടിക്കുന്ന മാറ്റങ്ങൾ കുട്ടികളിലെത്തിക്കാനും ഇതുമൂലം കഴിയുന്നുണ്ട്. കുട്ടികളുടെ സർഗ്ഗാത്മക വികാസം ഉറപ്പിക്കുന്ന തരത്തിലുള്ള ശാസ്ത്രമാഗസിനുകൾ, ശാസ്ത്രോത്സവം തുടങ്ങിയവും ഈ പ്രവർത്തിലുൾപ്പെടുത്താവുന്നതാണ്.

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുമ്പോൾ നിരന്തരമായ അന്വേഷണം നടത്തുന്നതിനും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക. | 1. പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു. | ഹ്രസ്വകാലം | സയൻസ് അധ്യാപിക |
| | | 2. പഠിതാവിന് ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിൽ പരീക്ഷണങ്ങൾ ലഘൂകരിച്ച് നൽകുന്നു. | | |
| | | 3. ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.<br>4. ക്ലാസ് ലബോറട്ടറി സജ്ജീകരിക്കുന്നു. ശാസ്ത്രമൂല ലാബിൽ ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യുന്നു.<br>5. സയൻസ് ക്ലബ്ബ്<br>6. [illegible] (cwsn)<br>7. ശാസ്ത്ര മാഗസിൻ<br>8. ഐ.സി.റ്റി സാധ്യതകൾ<br>9. വിസമയച്ചുമർ<br>പരിസര നിരീക്ഷണം ഫീൽഡ് ട്രിപ്പ് നിരീക്ഷണക്കുറിപ്പ് | | |
| 2 | വിദ്യാർത്ഥികളുടെ സർഗ്ഗാത്മകവും, ക്രിയാത്മകവുമായ ചിന്തയും അന്വേഷണവും വളർത്തുന്ന | ♦ കുട്ടികളുടെ ലഘു പരീക്ഷണ ശില്പശാലകൾ സംഘടിപ്പിക്കുന്നു<br>♦ സയൻസ് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് ഊർജ്ജ സംരക്ഷണ ക്ലബ്ബ് | മധ്യകാലം | |

# ഗണിതം

## ആമുഖം

പ്രയോഗിക ജീവിതത്തിൽ ഗണിതവുമായി ബന്ധപ്പെട്ട നിരവധി ക്രയവിക്രയ പ്രക്രിയയിൽ കുട്ടി ഏർപ്പെടേണ്ടതായുണ്ട്. കുട്ടി ഗണിതശേഷി കൈവരിക്കുന്നതിൽ മെച്ചപ്പെടുന്നതിലേക്ക് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. വിവിധ നിലവാരത്തിലുള്ള കുട്ടികളേയും പരിഗണിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ ഗണിത പഠനത്തിൽ ആവിഷ്കരിക്കണം. നൂതന പഠനബോധനത്തിന രീതികളിലൂടെ ഗണിത പഠനത്തിലുള്ള വിരസതയകറ്റി ഗണിതപഠന ആസ്വാദ്യകരമാക്കാൻ സഹായകമായുള്ള ആസൂത്രണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഗണിതത്തിന്റെ ആവശ്യകത, ഗണിത പഠനത്തിന്റെ അഭിരുചി വളർത്തുക | സെമിനാർ- അവതരണം റിപ്പോർട്ടാക്കൽ | ഹ്രസ്വകാലം | |
| 2 | ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | അബാക്കസ് - പരിശീലനം പ്രീടെസ്റ്റ് | ഹ്രസ്വകാലം | |
| 3 | സംഖ്യാ ബോധം ഉറപ്പിക്കുന്നു. | | | |
| 4 | ഗണിതാസ്വാദനം | ക്വിസ് മൽസരങ്ങൾ, പസിലുകൾ, കുസൃതിക്കണക്കുകൾ എന്നിവയിൽ തത്പരരാകുന്നു. ഐസിറ്റി സാദ്ധ്യത ഉപയോഗപ്പെടുത്തുന്നു പതിപ്പുകൾ ഗണിതമാസിക തയ്യാറാക്കുന്നു. | | |
| 5 | ഗണിതം മധുരതരമാക്കൽ | ഗണിത പാർക്ക്, ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഹ്രസ്വകാലം | ഗണിത ക്ലബ്ബ് |
| 6 | രസകരമായ ഗണിതശാസ്ത്രപഠനവും കരചലനശേഷിയുടെ വികാസവും. | ഓറിഗാമി ശിൽപ്പശാല ജാപ്പനീസ് കലയായ ഓറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം<br>• വിവിധ രൂപങ്ങളുടെ നിർമ്മാണം<br>• ഗണിത സവിശേഷതകൾ- പട്ടികപ്പെടുത്തൽ<br>• പ്രദർശനം. | ഹ്രസ്വകാലം<br>ഹ്രസ്യകാലം | എസ് ആർ ജി അദ്ധ്യാപകർ |
| 7 | ഗണിതപഠന പ്രവർത്തനങ്ങൾ- സുഗമമാക്കൽ. | • ഗണിത ലാബ് സജ്ജീകരിക്കൽ<br>• ഗണിത പഠനം ലാബിൽ | ദീർഘകാലം | ഗണിത ക്ലബ്ബ് |
| 8 | കുട്ടികളുടെ ഉൽപ്പന്നങ്ങളുടെ രൂപികരണം | • ഗണിത മാഗസിൻ<br>• ഗണിത പത്രം ഗണിതാശയങ്ങൾ, ഗണിതപ്രശ്നങ്ങൾ, പാറ്റേണുകൾ | ഹ്രസ്യകാലം | ഗണിത ക്ലബ്ബ് |
| 9 | ഗണിത നാട്ടറിവ് | ഡോക്യുമെന്ററി | ഹ്രസ്യകാലം | ഗണിത ക്ലബ്ബ് |
| 10 | കുട്ടികളുടെ അറിവുകളും ശേഷികളും സമൂഹത്തിന് | മാക്സ് ബ്ലോഗ്, കുട്ടികളുടെ ഉത്പന്നങ്ങൾ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| മികച്ച കുട്ടികളെ കണ്ടെത്തൽ | ലിസ്റ്റിൽ മാസ്റ്റർ<br>മികച്ച കുട്ടിയെ കണ്ടെത്തി ലിസ്റ്റിൽ മാസ്റ്റർ ഓഫ് മാത്സ് ഇൻ ദി ഇയർ പ്രഖ്യാപനം നടത്തുന്നു. | ഹ്രസ്വകാലം<br>മാർച്ച് | ഗണിത ക്ലബ്ബ് |

# ടാലന്റ് ലാബ്

## കാഴ്ചപ്പാട്

- ഓരോ കുട്ടികകളുടെയും വ്യത്യസ്തമായ കഴിവുകൾ പരിഗണിക്കും.
- സമസ്തമേഖലകളിലും ഉള്ള ഒരു വിദ്യാർത്ഥിയുടെ കഴിവിന്റെ വികാസം ലക്ഷ്യമിടും
- ഓരോ വിദ്യാർത്ഥിയുടെയും സവിശേഷവും സർഗപരവുമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കും.

## ടാലന്റ് ലിസ്റ്റ്

- പ്രസംഗം
- രചന
- പ്രശ്നപരിഹരണം
- സംഗീതം
- ചിത്രരചന
- ശില്പകല
- ഫിലിം നിർമാണം
- കഥപറയൽ
- അഭിനയം
- ആലാപനം
- ക്രാഫ്റ്റ്, വർക്ക്
- മാജിക്

- ശാസ്ത്ര പരീക്ഷണം
- ചരിത്രാന്വേഷണം
- കായികം
- സംഘാടനം, നേതൃത്വം
- കൗൺസലിംഗ്
- ബോധവത്ക്കരണ ക്ലാസ്സുകൾ
- കൃഷി
- പൂന്തോട്ട പരിപാലനം
- ജൈവവൈവിധ്യപാർക്ക്
- പരിസ്ഥിതി പ്രവർത്തനം
- സാമൂഹ്യ പ്രവർത്തനം
- ജീവകാരുണ്യ പ്രവർത്തനം
- സർഗാത്മക രചനകൾ
- സന്നദ്ധ പ്രവർത്തനം

# പ്രക്രിയ

- മുൻകൂട്ടി തയ്യാറാക്കിയ ഫോർമാറ്റ് ഉപയോഗിച്ച് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും അഭിരുചി കണ്ടെത്തൽ.
- സമാന അഭിരുചിയുള്ളവരെ ചേർത്ത് ടാലന്റ് ഗ്രൂപ്പിനും നടത്തിപ്പു ചുമതലയ്ക്ക് ഓരോ കമ്മിറ്റി വീതം രൂപീകരിക്കുന്നു.
- വിദഗ്ധരെ കണ്ടെത്തൽ.
- പരിശീലന ടൈംടേബിൾ രൂപപ്പെടുത്തൽ.
- ആവശ്യമായ ഉപകരണങ്ങൾ , മറ്റു ചെലവുകൾ എന്നിവയ്ക്കുള്ള ധനസമാഹരണം സ്പോൺസറിംഗിലൂടെ കണ്ടെത്തൽ.
- ആവശ്യമായ തുക പൂർണമായും സമൂഹപങ്കാളിത്തത്തോടെ സമാഹരിക്കൽ.
- നാലുമണിക്ക് ശേഷമോ ഒഴിവുദിനങ്ങളിലോ പരിശീലനം ക്രമീകരിക്കൽ.

# ഉപസംഹാരം

നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജനപങ്കാളിത്തത്തോടെ തുമ്പമൺ ഗവ. യു.പി.എസിൽ ഭംഗിയായി നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാടിന്റെ നന്മ എന്ന് അംഗീകരിക്കപ്പെട്ട മത-നിരപേക്ഷ നിലപാടും ബഹുസ്വരതയെ ഉൾക്കൊള്ളുന്ന മനോഭാവവും ഈ വിദ്യാലയത്തിന്റെ എടുത്തു പറയേണ്ട പ്രത്യേകതകൾ ആണ്.

കുട്ടികളുടെ സർവ്വതോൻമുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽകൂടി ഞങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. 5 കൊല്ലത്തിനപ്പുറം സ്കൂൾ വിദ്യാഭ്യാസം പൂർത്തിയായി പുറത്തുവരുന്ന കുട്ടിയുടെ ആശയധാരണകളിലും ശേഷികളിലുമുള്ള വികാസം, കുട്ടിയുടെ മൂല്യങ്ങളിലും മനോഭാവങ്ങളിലും ഉണ്ടാകുന്ന മാറ്റം, വിവിധ ഭാഷകൾ അനായാസം ആശയവിനിമയത്തിനു ഉപയോഗിക്കാൻ കഴിയും വിധം കുട്ടിയിൽ ഉണ്ടാക്കുന്ന ആത്മവിശ്വാസം , തങ്ങളുടെ അഭിരുചിയ്ക്ക് അനുസരിച്ച് ഏറ്റവും മികവാർന്ന രീതിയിൽ സ്വതസിദ്ധമായ കഴിവകളുടെ പ്രകടനം, മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങളിലൂടെ മാറ്റങ്ങൾ ഉണ്ടാകാൻ ആവശ്യമായ മുഴുവൻ പശ്ചാത്തല സൗകര്യങ്ങളും പ്രയോഗികമായി ഒരുക്കുന്നതിന് ആവശ്യമായ സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഏറ്റെടുക്കും എന്ന ശുഭാപ്തി വിശ്വാസത്തോടെ, യാഥാർത്ഥ്യമാക്കും എന്ന പ്രതിജ്ഞയോടെ **തുമ്പമൺ ഗവ. യു.പി.എസിന്റെ വിഷൻ – 2025 മാസ്റ്റർ പ്ലാൻ** സാദരം സമർപ്പിക്കുന്നു.

നന്ദിയോടെ

പ്രഥമാധ്യാപിക

ഗവ.യു.പി. സ്കൂൾ

തുമ്പമൺ